പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VII

(SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

2025-26 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

Fcp8f/MJS/ATR 2025-26 -SubCom.7

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VII

(SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

2025-26 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1

സബ്ജക്ട് കമ്മിറ്റി VII

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(2026-28)

ഘടന

<u>ചെയർപേഴ്സൺ</u>

ശ്രീ. സണ്ണി ജോസഫ്,
വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം</u>

ശ്രീമതി ബിന്ദു കൃഷ്ണ,
തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പ് മന്ത്രി

<u>അംഗങ്ങൾ</u>

ശ്രീ. അബിൻ വർക്കി കോടിയാട്ട്, എം.എൽ.എ.

ശ്രീ. അൻവർ സാദത്ത് , എം.എൽ.എ.

ശ്രീ. എം. എം. നസീർ, എം.എൽ.എ.

ശ്രീ. എം. റഹ്മത്തുള്ള, എം.എൽ.എ.

ശ്രീ. എഫ്. രാജ, എം.എൽ.എ.

ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.

ശ്രീ. സുമേഷ് അച്യുതൻ, എം.എൽ.എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി -ഇൻ-ചാർജ്

ശ്രീമതി രജി ഡി. ഒ. , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. സി. പ്രദീപ്, അണ്ടർ സെക്രട്ടറി

അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ഊർജ്ജം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകളുമായും 23.06.2026-ലെ ബുള്ളറ്റിൻ നമ്പർ:24(ഭാഗം 2) പ്രകാരം വിവിധ സബ്ജക്ട് കമ്മിറ്റികൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ പുനർവിന്യസിച്ചപ്പോൾ സബ്ജക്ട് കമ്മിറ്റി XIV-ൽ നിന്നും സബ്ജക്ട് കമ്മിറ്റി VII -ന് ലഭിച്ച പാർലമെന്ററി കാര്യങ്ങൾ എന്ന വിഷയവുമായി ബന്ധപ്പെട്ട് ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV -ന്റെ അഞ്ചാമത് റിപ്പോർട്ടിലെ പാർലമെന്ററികാര്യ വകുപ്പുമായും ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII, സബ്ജക്ട് കമ്മിറ്റി XIV എന്നിവയുടെ 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 29.09.2025, 19.08.2026, 29.09.2026 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം അദ്ധ്യായത്തിൽ മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2026 ഒക്ടോബർ മാസം 27-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

സണ്ണി ജോസഫ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VII

റിപ്പോർട്ട്

അദ്ധ്യായം I

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

തൊഴിലും നൈപുണ്യവും വകുപ്പ്

ശിപാർശ

2230-01-001-99 -നടത്തിപ്പ്

വിഹിതം : 8,99,88,000 /-രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 75,000/- രൂപയും വിവര സാങ്കേതികവിദ്യ (99) ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 1)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം 2230-01-001-99-00-99-00-IT ശീർഷകത്തിൽ ബജറ്റ് വിഹിതമായി 1,50,000/- രൂപയാണ് വകയിരുത്തിയിരുന്നത്. അതിൽ 1,46,656/- രൂപയും ചെലവഴിച്ചിരുന്നു. ബജറ്റ് വിഹിതമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ, ടി ശീർഷകത്തിൽ 1 ലക്ഷം രൂപയുടെ റീ-അപ്രോപ്രിയേഷൻ

പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നെങ്കിലും, 2025-26 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുവാൻ നിർദ്ദേശം ലേബർ കമ്മീഷണർക്ക് നൽകിയിരുന്നു.

2025-26 സാമ്പത്തിക വർഷം 2230-01-001-99-00-21-02 മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ശീർഷകത്തിൽ ബജറ്റ് വിഹിതമായി 2,56,000/- രൂപയാണ് വകയിരുത്തിയിരുന്നത്. അതിൽ 2,18,875/-രൂപ ചെലവഴിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷം അവസാനമായതിനായും, ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാലും അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-01-001-98 - ജില്ലാ ആഫീസുകൾ

വിഹിതം : 30,90,28000/- രൂപ (പദ്ധതിയേതരം)

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വിവരസാങ്കേതികവിദ്യ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം 2230-01-001-98-00-01-04 MR ശീർഷകത്തിൽ ബജറ്റ് വിഹിതമായി 86,000/- രൂപയാണ് വകയിരുത്തിയിരുന്നത്. അതിൽ 84,814/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3 റീജീയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഓഫീസുകളിലെയും 4 ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസുകളിലേയും 14 ജില്ലാ ലേബർ ഓഫീസുകളിലേയും മെഡിക്കൽ റീ-ഇംബേഴ്മെന്റ് ഇനത്തിൽ ബജറ്റ് വിഹിതമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 1 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനായി ലേബർ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 2025-26 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുവാൻ നിർദ്ദേശം ലേബർ കമ്മീഷണർക്ക് നൽകിയിരുന്നു.

2025-26 സാമ്പത്തിക വർഷം 2230-01-001-98-00-99-00 IT ശീർഷകത്തിൽ ബജറ്റ് വിഹിതമായി 1,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. ബജറ്റ് വിഹിതമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 1,31,000/- രൂപയുടെ റീ അപ്രോപ്രീയേഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും അയത് അനുവദിക്കുകയും ചെയ്തിരുന്നു.

ശിപാർശ

2230-01-102-98-99 <u>പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്- വിവര സാങ്കേതികവിദ്യ</u>

വിഹിതം : 6,000/- രൂപ (പദ്ധതിയേതരം)

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം 2230-01-102-98-00-99-IT ശീർഷകത്തിൽ ബജറ്റ് വിഹിതമായി 6,000/- രൂപയാണ് വകയിരുത്തിയിരുന്നത്. ടി തുക പൂർണ്ണമായും ചെലവഴിച്ചു. ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെയും ഓഫീസുകളിലെ വിവര സാങ്കേതിക വിദ്യ ഇനത്തിൽ ബജറ്റ് വിഹിതമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ 20,000/- രൂപയുടെ റീ-അപ്രോപ്രിയേഷൻ ലേബർ കമ്മീഷണർ സമർപ്പിക്കുകയും ആയത് അനുവദിക്കുകയും ചെയ്തിരുന്നു. ടി ശീർഷകത്തിൽ ആകെ ലഭിച്ച 2,31,000/- രൂപയിൽ 2,27,799/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-72-10 - കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ്-അംശദാനം-സംഭാവന

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യകുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി 283 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 5)

സർക്കാർ സ്വീകരിച്ച നടപടി

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അധിവർഷാനുകൂല്യ കുടിശ്ശിക വിതരണത്തിനായി 2025-26 സാമ്പത്തിക വർഷം " 2230-01-103-72-10-Kerala Agricultural Workers Welfare Fund Board-Contribution-NV" ശീർഷകത്തിൽ നിന്നും 50 കോടി രൂപ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള ശിപാർശ പരിഗണിക്കാനാവില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ

4250-00-201-92 - മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 60,00,000 രൂപ (പദ്ധതി)

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുമായി 1.52 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 8)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മാണ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 60 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത വിഹിതം 4250-00-201-92 (01) Work-ൽ 49.43 - ലക്ഷവും 4250-00-201-92 (02) Establishment -Share Debit transferred from 2059 PW-ൽ 9.88 ലക്ഷവും 4250-00-201-92 (03) Tools & Plan-Share Debit transferred from 2059 PW-ൽ 6.9 ലക്ഷം രൂപയുമായിട്ടാണ് വകയിരുത്തിയിരുന്നത്.

ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക അപര്യാപ്തമായതിനാൽ 1,86,50,129/-രൂപയുടെ അധിക തുക ലഭിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട SDG -യിൽ പ്രൊപ്പോസൽ ലേബർ കമ്മീഷണർ ലഭ്യമാക്കിയിരുന്നെങ്കിലും 4250-00-201-92 ശീർഷകം SDG സർക്കുലറിന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അധിക ധനാനുമതിയ്ക്കായി ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു. വിഹിതമായി. എന്നാൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക വിനിയോഗിക്കാൻ കഴിയാത്തതിനാൽ ടി ശീർഷകത്തിൽ അധിക ധനാനുമതി പ്രൊപ്പോസൽ ലേബർ കമ്മീഷണർ ലഭ്യമാക്കിയിരുന്നില്ല.

4250-00-201-92 (01) Works ശീർഷകത്തിൽ 49,43,000/-രൂപയ്ക്ക് മാത്രമാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അതിനാൽ 4250-00-201-92 (02), 4250-00-201-92 (03) പിരിവുകളിലെ തുകകൾ കൂടി 4250-00-201-92 (01) ലേയ്ക്ക് അപ്രോപ്രിയേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പ്രൊപ്പോസൽ ലേബർ കമ്മീഷണർ ലഭ്യമാക്കിയിരുന്നു. എന്നാൽ 4250-00-201-92 (01) Works ശീർഷകത്തിലെ തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമുള്ള പക്ഷം തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

തുടർന്ന് 4250-00-201-92 (01) Work-ൽ വകയിരുത്തിയ 49.43 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും തുക മൂന്നാർ ലേബർ കോംപ്ലക്സിന്റെ ചുറ്റുമതിൽ നിമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് പാർട്ട് ബില്ല് ഡെപ്പോസിറ്റ് ഇനത്തിൽ അനുവദിച്ച് ഉത്തരവാകുകയും ചെയ്യുകയുണ്ടായി. ആയതിനു ശേഷം 4250-00-201-92 (02), 4250-00-201-92 (03) പിരിവുകളിലെ തുക കൂടി 4250-00-201-92 (01) ലേയ്ക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്തു ലഭിക്കുന്നതിന് റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ ലഭ്യമാകുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ, അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവ് വഹിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി.

ശിപാർശ

4250-00-201-91 - നഗരപ്രദേശത്തെ ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ്

വിഹിതം : 50,00,000 രൂപ (പദ്ധതി)

സ്ത്രീ തൊഴിലാളികൾക്ക് വാടക ഈടാക്കി സുരക്ഷിതമായ താമസസൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തിൽ വിഭാവനം ചെയ്തിട്ടുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിയനുസരിച്ച് കഴക്കൂട്ടം, മേനംകുളത്തുള്ള കിൻഫ്ര അപ്പാരൽ പാർക്കിൽ നിർമ്മാണം ആരംഭിച്ച അപ്പാർട്ട്മെന്റിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനായി 9.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 9)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിയ്ക്കായി “ 4250-00-201-91” ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് (Revised Estimate) അംഗീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലായതിനാൽ (ഫയൽ നമ്പർ ഡി1/173/2025/തൊഴിൽ) ഭരണാനുമതി നൽകിയിരുന്നില്ല. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സമിതി അധികമായി ശിപാർശ ചെയ്ത 9.5 കോടി രൂപയുടെ ആവശ്യം വന്നില്ല.

ശിപാർശ

4250-00-201-89- അതിഥി തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതി

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

അതിഥി തൊഴിലാളികളെ വാടക ഈടാക്കി പാർപ്പിക്കുന്നതിനായി അപ്നാഘർ പദ്ധതിയനുസരിച്ച് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പ്രവർത്തിച്ച് വരുന്ന ഹോസ്റ്റൽ കെട്ടിടം

കൂടുതൽ തൊഴിലാളികളെ താമസിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ വിപുലീകരിക്കുന്നതിനായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷം അപ്നാഘർ പദ്ധതിയ്ക്കായി " 4250-00-201-89" ശീർഷകത്തിൽ വകയിരുത്തിയിരുന്ന 4 കോടി രൂപ വിനിയോഗിക്കുന്നതിന് 28.06.2025-ലെ സ.ഉ. (സാധാ)നം.787/2025/തൊഴിൽ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, അപ്നാഘർ കളമശ്ശേരി പദ്ധതിയുടെ പുതുക്കിയ പ്രൊപ്പോസൽ (Revised proposal) അംഗീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലിരിക്കുന്ന (ഫയൽ നമ്പർ ഡി1/142/2025/തൊഴിൽ) പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. തന്മൂലം നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചിട്ടില്ലാത്തതിനാൽ സമിതി അധികമായി ശിപാർശ ചെയ്ത 2.5 കോടി രൂപയുടെ ആവശ്യം വന്നില്ല.

<u>ശിപാർശ</u>

4250-00-201-87- <u>മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ട്രാൻസിറ്റ് സ്റ്റേ സൗകര്യം</u>
വിഹിതം : 20,00,000 രൂപ (പദ്ധതി)

മോട്ടോർ തൊഴിലാളികൾ, വർക്കേഴ്സ് എന്നിവർക്ക് ജോലിക്കിടയിൽ വിശ്രമിക്കാൻ ഒരിടം എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മോട്ടോർ ട്രാൻസിറ്റ് സ്റ്റേ ഫെസിലിറ്റി പദ്ധതിക്കായി 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

കോട്ടയം ജില്ലയിലെ കേരള റബ്ബർ ലിമിറ്റഡ് വ്യവസായ സമുച്ചയത്തിൽ 'Transit Stay Facility Project' നടപ്പിലാക്കുന്നതിനായി ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് അനുമതി നൽകിയിരുന്നു. എന്നാൽ, 2026 ഫെബ്രുവരി 28-ന് ചേർന്ന ബോർഡ് യോഗത്തിൽ, ഈ പ്രോജക്ടിന് അന്തിമ അംഗീകാരം നൽകുന്നതിന് മുന്നോടിയായി അതിന്റെ ഫീസിബിലിറ്റി (സാധ്യതാ)പഠനം നടത്തേണ്ടതുണ്ടെന്ന് തീരുമാനിച്ചിരുന്നു. ഈ സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി അനുവദിച്ച 20 ലക്ഷം രൂപ നിലവിൽ ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് അനുവദിച്ചിട്ടില്ല. സബ്ജക്ട് കമ്മിറ്റി VII-ന്റെ ധനാഭ്യർത്ഥന ശിപാർശ പ്രകാരമുള്ള 80 ലക്ഷം രൂപ ഉൾപ്പെടെയുള്ള തുക, ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് ലഭ്യമായി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ വിനിയോഗിക്കാൻ കഴിയുകയുള്ളൂ. അതിനാൽ സമിതി അധികമായി ശിപാർശ ചെയ്ത 80 ലക്ഷം രൂപ ആവശ്യമായി വന്നില്ല.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

ശിപാർശ

2230-01-102-99- ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്

വിഹിതം : 19,53,58,000 രൂപ (പദ്ധതിയേതരം)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, പി.ഒ.എൽ, ആർ. & എം., ആർ.ആർ.റ്റി., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

2230-01-102-99-ശീർഷകത്തിലെ ശമ്പളം(1-01), യാത്രാബത്ത (4-04), ഓഫീസ് ചെലവുകൾ (05), വാടക, കരം, നികുതി (0.6), മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-02), പി.ഒ.എൽ (45) എന്നീ ശീർഷകങ്ങളിലാണ് 2025-26 സാമ്പത്തിക വർഷത്തിൽ അധികതുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, ശമ്പളം(01-1), വാടക, കരം, നികുതി (0.6), മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-02), പി.ഒ.എൽ (45) ഇനത്തിൽ അധിക തുക ആവശ്യമായി വന്നില്ലെന്നും യാത്രബത്ത (04-04) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 3,30,000/- രൂപ 2230-01-102-99-05-04-OE-NP എന്ന ശീർഷകത്തിൽ നിന്നും ട്രാൻസ്ഫർ ടി.എ.(04-02) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 46,000 രൂപ 2230-01-102-95-04-02- ട്രാൻസ്ഫർ ടി. എ, 2230-01-102-95-05-04 Other Items-NP എന്നീ ശീർഷകങ്ങളിൽ നിന്നും വാട്ടർ ചാർജ്ജസ് (05-01) എന്ന ശീർഷകത്തിൽ അധികമായി വേണ്ടി വന്ന 15,000 രൂപ 2230-01-102-95-05-01 Water charges NP എന്ന ശീർഷകത്തിൽ നിന്നും ഇലക്ട്രിസിറ്റി ചാർജ്ജസിൽ (05-02) അധികമായി വേണ്ടി വന്ന 3,20,000 രൂപയിൽ, 1,00,000/- രൂപ 2230-01-102-95-05-02 Eelectricity Charges NP എന്ന ശീർഷകത്തിൽ നിന്നും 2,20,000/- രൂപ- 2230-01-102-99-05-04 Other Items-NP എന്ന ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-102-95- ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

വിഹിതം : 1,54,90,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ശമ്പളം, പി.ഒ.എൽ, ആർ.&എം., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58

ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-01-102-95 ശീർഷകത്തിലെ ശമ്പളം(1-01), യാത്രാബത്ത (4-01), ഓഫീസ് ചെലവുകൾ (05), മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (21-2), പി.ഒ.എൽ (45) എന്നീ ശീർഷകങ്ങളിലാണ് 2025-26 സാമ്പത്തിക വർഷത്തിൽ അധികതുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, ഈ ശീർഷകങ്ങളിൽ അധികതുക ആവശ്യമായി വന്നില്ല.

<u>വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ</u>

<u>ശിപാർശ</u>

2230-01-101-96-06- <u>വ്യാവസായിക ട്രിബ്യൂണൽ,ആലപ്പുഴ- വാടക,കരം,നികുതി</u>

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആലപ്പുഴ വ്യാവസായിക ട്രൈബ്യൂണലിന് (06) എന്ന ശീർഷകത്തിൽ അധിക ധനാനുമതി പ്രകാരം 4,00,000 രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-92-04-1-തൊഴിൽ കോടതി, കോഴിക്കോട്-യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം : 27,000 രൂപ (പദ്ധതിയേതരം)

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിലെ പ്രിസൈഡിംഗ് ഓഫീസർക്ക് പാലക്കാട് ക്യാംപ് സിറ്റിംഗ് നടത്തുന്ന ആവശ്യത്തിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 37)

സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് തൊഴിൽ കോടതിയ്ക്ക് [4(1)] യാത്രാബത്ത ശീർഷകത്തിൽ 121,000 രൂപ അധിക ധനാനുമതി പ്രകാരം അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-91- തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,19,99,000 രൂപ (പദ്ധതിയേതരം)

എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാ ബത്ത [04 (1)] ഇനത്തിൽ 1.97 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 38)

സർക്കാർ സ്വീകരിച്ച നടപടി

എറണാകുളം തൊഴിൽ കോടതിയ്ക്ക് [04(1)] ഇനത്തിൽ 1,00,000 രൂപയും (06) ഇനത്തിൽ 3,95,000 രൂപയും അധിക ധനാനുമതി പ്രകാരം അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2230-01-101-86 - <u>വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി</u>

വിഹിതം : 1,09,65,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 16000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.62 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.78 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇടുക്കി വ്യാവസായിക ട്രൈബ്യൂണലിന് സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-85 -99 <u>വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്</u>- <u>വിവരസാങ്കേതികവിദ്യ</u>

വിഹിതം : 26,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനായി 1.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലിന് സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-79 - <u>വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ</u>

വിഹിതം : 1,27,63,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂരിന്റെ നടത്തിപ്പിനായി ദിവസ വേതനം [02(5)] ഇനത്തിൽ 1.567 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 30000 രൂപയും ഉൾപ്പെടെ ആകെ 1.867 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൃശ്ശൂർ വ്യാവസായിക ട്രിബ്യൂണലിന് ദിവസ വേതനം [02(5)] ഇനത്തിൽ 1,40,000/- രൂപ അധിക ധനാനുമതിയായും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 40,000/- രൂപ ധനപുന:വിനിയോഗം വഴിയും അനുവദിക്കുകയുണ്ടായി.

<u>ഇൻഷുറൻസ് മെഡിക്കൽ വിഭാഗം</u>

<u>ശിപാർശ</u>

2210-01-102-98- ഡിസ്പെൻസറികൾ

വിഹിതം : 224,36,61,000 രൂപ (പദ്ധതിയേതരം)

ഡിസ്പെൻസറികളിൽ മരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 20 ലക്ഷം രൂപയും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസിലെ

ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി വിവരസാങ്കേതികവിദ്യ(99) ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 43)

സർക്കാർ സ്വീകരിച്ച നടപടി

വാഹന വാടക ഇനത്തിൽ 6,50,000/- രൂപ ധനപുന:വിനിയോഗം (G.O (Rt) No. 6441/2025/Fin dated 04.08.2025) വഴിയും, 5,74,000/- രൂപ അധികധനാനുമതി ഉത്തരവ് (G.O.(Rt)No. 2176/2026/Fin dated 02.03.2026) വഴിയും അനുവദിച്ചു. ബജറ്റ് ഉൾപ്പെടെ ആകെ 12,25,000/- രൂപയിൽ 10,95,593/- രൂപ ചെലവായി. വിവര സാങ്കേതികവിദ്യ ഇനത്തിൽ 3,26,000/- രൂപ അധിക ധനാനുമതി (G,O.(Rt)No.8070/2025 dated 08.10.2025) അനുവദിച്ചു. ബജറ്റ് ഉൾപ്പെടെ ആകെ 3,27,000/- രൂപയിൽ 3,26,585/- രൂപ ചെലവായി.

ശിപാർശ

2210-01-102-96 - ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്
വിഹിതം: 120,85,32,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിങ്ങും [01] ഇനത്തിൽ 23 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 20 ലക്ഷം രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും [08] ഇനത്തിൽ 37.25 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 29.5725 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 44)

സർക്കാർ സ്വീകരിച്ച നടപടി

ഡ്രഗ്സ് ആന്റ് ഡ്രസ്സിങ്സ് ഇനത്തിൽ 768,088,000/- രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ഇതിൽ 73,43,68,936/- രൂപ ലഭ്യമായതിൽ നിന്ന് ആകെ 633,428,483/- രൂപ ചെലവഴിച്ചു. 25,00,00,000/- രൂപയുടെ അധിക ധനാനുമതിക്കായി ശിപാർശ സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല.

ഡയറ്റ് ഇനത്തിൽ 11,69,000/- രൂപ അധികധനാനുമതി ഉത്തരവ് (G,O.(Rt)2176/2026/Fin dated 02.03.2026) വഴി അനുവദിച്ചു. ബജറ്റ് ഉൾപ്പെടെ ആകെ 77,18,000/- രൂപയിൽ 77,13,216/- രൂപ ചെലവായി.

യന്ത്ര ഉപകരണങ്ങൾ വാങ്ങൽ ഇനത്തിൽ ESIC അംഗീകാരം ലഭിച്ച PIP 2025-26 പദ്ധതിക്ക് 2,78,97,925/- രൂപയുടെ ഭരണാനുമതി (G,O.(Rt)No.181/2026/LBR dated 10.02.2026) ലഭിച്ചു. അനുവദിക്കപ്പെട്ട ബജറ്റ് വിഹിതത്തിൽ 11,16,210/- രൂപ ചെലവഴിച്ചു.

യന്ത്ര ഉപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും ഇനത്തിൽ 89,72,000/- രൂപ സപ്ലിമെന്ററി ഗ്രാന്റ് അനുവദിച്ചു. ശീർഷകത്തിൽ ആകെ ലഭിച്ച 92,47,000/- രൂപയിൽ 25,22,885/- രൂപ ചെലവഴിച്ചു.

ശിപാർശ

2210-01-102-95-34- ഇ.എസ്.ഐ. ആശുപത്രികളുടെ മെച്ചപ്പെടുത്തലും നിലവാരം ഉയർത്തലും -മറ്റു ചെലവുകൾ

വിഹിതം: 25,29,000 രൂപ (പദ്ധതി)

2025-26 വാർഷിക പദ്ധതിയിൽ മരുന്ന് വിതരണത്തിന് വാഹനങ്ങൾ വാങ്ങുന്നതിനായി 86.31 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി

ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 45)

സർക്കാർ സ്വീകരിച്ച നടപടി

2025-26 വാർഷിക പദ്ധതിയിൽ മരുന്ന് വിതരണത്തിന് വാഹനങ്ങൾ വാങ്ങുന്നതിനായി അംഗീകാരം ലഭിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

ശിപാർശ

31.12.2024 വരെ വിവിധ സർക്കാർ വകുപ്പുകൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ നൽകാനുള്ള കുടിശ്ശികത്തുകയായ 718 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 69)

സർക്കാർ സ്വീകരിച്ച നടപടി

31.12.2024 വരെ വിവിധ സർക്കാർ വകുപ്പുകൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ നൽകാനുള്ള കുടിശ്ശികത്തുകയായ 718 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്നാണ് സമിതി ശിപാർശ ചെയ്തിരുന്നത്. എന്നാൽ അഡീഷണൽ ബോറോയിംഗുമായി ബന്ധപ്പെട്ട് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ 31.12.2024 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയായ 718.02 കോടി രൂപ സർക്കാർ ഏറ്റെടുക്കുകയും ആയത് കെ.എസ്.ഇ.ബി.എൽ, സർക്കാരിലേയ്ക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കുന്നതിന് തീരുമാനിച്ച് 06.03.2025 തീയതിയിലെ സ.ഉ.(കൈ)നം.27/2025/ധന നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ സബ്ജക്ട് കമ്മിറ്റികൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ 23.06.2026 തീയതിയിലെ ബുള്ളറ്റിൻ നമ്പർ 24 (ഭാഗം 2) പ്രകാരം പുനർ വിന്യസിപ്പിച്ചതിനെതുടർന്ന് ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച കമ്മിറ്റി XIV-ൽ നിന്നും കൈമാറിക്കിട്ടിയ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പാർലമെന്ററി കാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ട്

ശിപാർശ

2052-00-188-99-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

31-സഹായധനം -ശമ്പളം

വിഹിതം-35.54 ലക്ഷം രൂപ (പദ്ധതിയേതരം)

ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ശമ്പളപരിഷ്കരണ കുടിശ്ശിക, ലീവ് സറണ്ടർ കുടിശ്ശിക, മുൻ ഡയറക്ടർ ജനറലിന്റെ പേ റിവിഷൻ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 39.41 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 13)

ശിപാർശ

2052-00-188-99-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

36-സഹായധനം-ശമ്പളേതരം

വിഹിതം:71.50 ലക്ഷം രൂപ (പദ്ധതിയേതരം)

2025-26 സാമ്പത്തിക വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 25 നിയോജക മണ്ഡലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന സ്റ്റുഡന്റ്സ് സഭ, സ്കൂൾ/കോളേജ് സെമിനാർ, YPC/MPC-യുമായി ബന്ധപ്പെട്ട് ട്രെയിനിംഗ്, YPC മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ബെസ്റ്റ് പാർലമെന്റേറിയൻമാർക്കുള്ള ക്യാമ്പ്, പാർലമെന്റ് സന്ദർശനം, ഭരണഘടനാ അവബോധ പരിപാടികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ

വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.115 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 14)

സർക്കാർ സ്വീകരിച്ച നടപടി

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായി ശമ്പളയിനത്തിൽ 35,54,000/- രൂപയും ശമ്പളേതര ഇനത്തിൽ 71,50,000/-രൂപയും ചേർത്ത് ആകെ 1,07,04,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ആകെ അനുവദിച്ച തുക 79,12,810/- രൂപയാണ്. ഇതിൽ ശമ്പള ശീർഷകത്തിൽ 54,12,810/- രൂപയും ശമ്പളേതര ശീർഷകത്തിൽ 25,00,000/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാലറി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ച് തീർന്നതിനാൽ ശമ്പളേതര ശീർഷകത്തിൽ നിന്നും ശമ്പള ശീർഷകത്തിലേക്ക് 18,60,000/-രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി XIV ശിപാർശ ചെയ്ത പ്രകാരം ശമ്പള ശീർഷകത്തിൽ 39.41 ലക്ഷം രൂപയും ശമ്പളേതര ശീർഷകത്തിൽ 3.115 കോടി രൂപയും അധികമായി അനുവദിക്കണമെന്ന പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊപ്പോസൽ, ബഡ്ജറ്റ് വിഹിതത്തിൽ ശമ്പളേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച് തീരാത്തതിനാൽ പരിഗണിച്ചിട്ടില്ല.

23.06.2026-ലെ ബുള്ളറ്റിൻ നമ്പർ 24 (ഭാഗം 2) പ്രകാരം സബ്ജക്ട് കമ്മിറ്റികൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ പുനർവിന്യസിച്ചപ്പോൾ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII -ൽ നിന്നും നൈപുണ്യ വികസനം എന്ന വിഷയം വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ലേക്ക് മാറ്റിനൽകിയതിനെത്തുടർന്ന് സബ്ജക്ട് കമ്മിറ്റി VII -ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 12-24, 27-34, 42 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി X -ന് കൈമാറിയിട്ടുണ്ട്.

അദ്ധ്യായം II

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമാകാത്ത ഖണ്ഡികകൾ.

വകുപ്പ്	ഖണ്ഡിക നമ്പർ
തൊഴിലും നൈപുണ്യവും വകുപ്പ്	4, 6, 7, 35
ഊർജ്ജ വകുപ്പ്	46-68 ,70-73

തിരുവനന്തപുരം,
2026 ഒക്ടോബർ 27

സണ്ണി ജോസഫ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VII.